# ‘ഇണ്ടനമ്മാവ’ന്റെ കാലിലെ ചളി

ഓർത്തുനോക്കിയാൽ തമാശ തോന്നും—ഐക്യജനാധിപത്യ മുന്നണിയിലെ ഘടകകക്ഷിയായ കേരള കോൺഗ്രസ്സും (മാണി ഗ്രൂപ്പ്) ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഘടകകക്ഷിയായ കേരള കോൺഗ്രസ്സും (ജോസഫ് ഗ്രൂപ്പ്) തമ്മിൽ ഒളിഞ്ഞും തെളിഞ്ഞും ലയനചർച്ച നടക്കുകയാണ്. ജോസഫ് ഗ്രൂപ്പിനെ ഇടതുപക്ഷത്ത് നിലനിർത്താനും മറുപക്ഷത്തേക്ക് കൊണ്ടുവരാനും തകൃതിയായി പരിശ്രമങ്ങൾ രണ്ടുഭാഗത്തും നടക്കുന്നു.

ഈ ജോസഫിനെതിരായി ഐക്യജനാധിപത്യ മുന്നണി ഗംഭീരമായ ഒരു സമരം നടത്തിയതിന്റെ ചൂടാറിയിട്ടില്ല. അതിന്റെ പ്രമേയമായിരുന്ന പ്ലസ് ടു പ്രശ്നം ഇപ്പോഴും ഒന്നും ആയിട്ടില്ല. ഇന്നലെ എന്തൊക്കെയാണ് പറഞ്ഞുകേട്ടിരുന്നത്—കേരളം കണ്ട ഏറ്റവും വലിയ അഴിമതിയാണ് പ്ലസ് ടു കാര്യത്തിൽ നടന്നത്! കോടികളാണ് കോഴയായി വാങ്ങിക്കൂട്ടിയത്!! ബൊഫോഴ്സ് അഴിമതിയേക്കാളും വലിയ അഴിമതിയാണ് നടന്നത്!! മറ്റും മറ്റും.

ആ സമരം വഴിക്കിട്ട് ഓടുകയാണ് ഐക്യജനാധിപത്യ മുന്നണി ചെയ്തത്. അതിന്റെ കാരണമോ? ആ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസിനകത്ത് അപ്പോഴേക്ക് ഉൾപ്പോര് മൂർച്ഛിച്ചു. നാട്ട് ആര്, എങ്ങനെ കുളം തോണ്ടിയാലും തരക്കേടില്ല; പാർട്ടിക്കകത്ത് അവനവന്റെയും സ്വന്തക്കാരുടെയും സ്ഥാനങ്ങൾ ഉറപ്പാക്കണം എന്നതായി ബേജാറ്. വേണുഗോപാലന് പാർട്ടിയിൽ സ്ഥാനം വേണോ എന്ന പ്രശ്നം എല്ലാറ്റിലും പ്രധാനമായി! തൃശൂരിലും എറണാകുളത്തും തിരുവനന്തപുരത്തും ഗ്രൂപ്പ് യോഗങ്ങളും റാലികളും സംഘടിപ്പിക്കപ്പെട്ടു. പ്ലസ് ടു സമരം അനാഥമായി വഴിയിൽ കിടന്നു. ഇന്നിപ്പോൾ അത് ഓർക്കുന്നതുകൂടി കോൺഗ്രസിനും അവരുടെ മുന്നണിക്കാർക്കും കയ്പായിത്തീർന്നു. ജോസഫിനെ കൂട്ടുകിട്ടുക എന്നതാണ്, അതു മാത്രമാണ് ഇപ്പോഴത്തെ ഒരേയൊരു നേട്ടം. അതു കൊണ്ടുതന്നെ ജോസഫ് ഉണ്ടാക്കിയ ‘സ്വകാര്യ മേഖലക്ക് എൻജിനീയറിംഗ് കോളജ് അനുവദിക്കും’ എന്ന പ്രശ്നത്തെപ്പറ്റി ഐക്യജനാധിപത്യമുന്നണി ഒരു പുക്കാറും ഉണ്ടാക്കിയിട്ടില്ല. ജോസഫ് ഇടതുമുന്നണിയിൽ തന്നെ ഉറച്ചുനിന്ന് തെരഞ്ഞെടുപ്പിനെ നേരിടുന്ന കാലംവരെ അവർ ഇക്കാര്യത്തിൽ ഒന്നും മിണ്ടാനും പോകുന്നില്ല.


നായനാർ


ഇടതുമുന്നണിയുടെ നിലയും ഇതുതന്നെ: പ്ലസ് ടു പ്രശ്നത്തിൽ എന്തു നടന്നു എന്ന് അവർക്ക് വ്യക്തമായി അറിയാം. വല്ലവരുമല്ല, സംസ്ഥാന മുഖ്യമന്ത്രി നായനാരാണ് പ്ലസ്ടു കാര്യത്തിൽ അഴിമതി നടന്നുവെന്ന് പ്രസ്താവിച്ചത്. (സ്വാഭാവികമായും, അദ്ദേഹം പിന്നെ അത് പിൻവലിച്ചു. നമ്മുടെ നാട്ടിലെ പതിവ് അദ്ദേഹം തെറ്റിച്ചില്ല എന്നല്ലാതെ അഴിമതി നടന്നിട്ടില്ല എന്ന് ആ പിൻവലിക്കൽ വകയിൽ ആരും തെറ്റിദ്ധരിച്ചിട്ടില്ല.) അഴിമതി നടന്നെങ്കിൽ എന്തുകൊണ്ട് നടപടി എടുക്കുന്നില്ല എന്ന് പോലീസ് വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയോട് സ്വന്തം പാർട്ടിക്കാരോ, സ്വന്തം മുന്നണിക്കാരോ ചോദിച്ചിട്ടില്ല. അങ്ങനെയൊരു ചോദ്യം കേരളത്തിൽ ഇല്ലാതായിട്ട് എത്രയോ കാലമായി.


മാണി

ഇപ്പോൾ ജോസഫിനെ സ്വന്തം പക്ഷത്ത് കിട്ടണം എന്ന് കോൺഗ്രസ് മുന്നണി എന്ത് താൽപര്യം കൊണ്ട് വിചാരിക്കുന്നുവോ, അതേ താൽപര്യം കൊണ്ടാണ് അന്നും ഇന്നും ജോസഫിനെ കമ്യൂണിസ്റ്റ് മുന്നണി കൂടെ നിലനിർത്തിപ്പോരുന്നത്. ‘സ്വകാര്യ മേഖലയിൽ എൻജിനീയറിംഗ് കോളജ് അനുവദിക്കുക’ എന്നത് ഇടതുമുന്നണിയുടെ നയത്തിന് എതിരാണെന്ന് ആ മുന്നണിക്കാർ വ്യക്തമാക്കിയിരുന്നുവെങ്കിലും മാണിയുമായി ജോസഫ് ലയനചർച്ച ആരംഭിച്ചതോടെ അവരുടെ നിലപാടിന് ഇളക്കം തട്ടിയിട്ടുണ്ട്. പ്രശ്നം ലഘുവാണ്: എല്ലാവർക്കും വേണ്ടത് ഭരണം മാത്രം. അതിനുവേണ്ടി എന്തിനു നേരെ കണ്ണുചിമ്മുവാനും ഏതു പാർട്ടിയും ഏതു നേതാവും തയാറാണ്.


അക്കിത്തം

പാർട്ടികൾ ഭരണപക്ഷവും ജനം പ്രതിപക്ഷവും എന്നതാണ് ഇപ്പോഴത്തെ കേരളത്തിലെ അവസ്ഥ. മുന്നണിക്ക് പേരിലല്ലാതെ, ഗുണത്തിൽ വ്യത്യാസമൊന്നും ഇല്ലെന്നായിരിക്കുന്നു. അക്കിത്തം പാടിയതുപോലെ—“ഓരോ മാതിരി ചായം മുക്കിയ കീറത്തുണിയുടെ വേദാന്തം.”


അയ്യപ്പപ്പണിക്കർ

ഇതിനിടയിൽ പ്ലസ് ടു പരീക്ഷണം കൊണ്ട് ഇവിടത്തെ വിദ്യാഭ്യാസമേഖലയ്ക്കുണ്ടായ കെടുതികളെപ്പറ്റി ആരോർക്കുന്നു? വിദ്യാർഥികൾക്ക് അതുകൊണ്ട് വന്നുകൂടിയ കഷ്ടനഷ്ടങ്ങളെപ്പറ്റി ആർക്കാണ് ബേജാറ്? പണ്ട് പ്രീഡിഗ്രി ബോർഡിനെ എതിർക്കാൻ വേണ്ടി സർവ്വശക്തിയും ഉപയോഗിച്ച് സമരം ചെയ്ത ഇടതുപക്ഷ മുന്നണിയാണ് പേരിലല്ലാതെ സ്വഭാവത്തിൽ യാതൊരു വ്യത്യാസവുമില്ലാത്ത ഇന്നത്തെ പ്ലസ് ടു ബോർഡ് ഉണ്ടാക്കിയതെന്ന് ഇന്ന് പറഞ്ഞുകൊടുത്താൽ കൂടി ആളുകൾക്ക് ഓർമ വരില്ല. “ബഹുജനങ്ങൾക്ക് ഓർമ കമ്മിയാണ്” (പബ്ലിക് മെമ്മറി ഈസ് ഷോർട്ട്)എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. സംഗതി സത്യവുമാണ്. ബഹുജനത്തിന്റെ ആ പരിമിതിയിലാണ് നമ്മുടെ രാഷ്ട്രീയക്കാർ കാലുറപ്പിച്ചു നിൽക്കുന്നത്: ഓർമ്മിക്കലും ഓർമ്മിപ്പിക്കലും തന്നെ ഈ ചരിത്രസന്ധിയിൽ ഒരു രാഷ്ട്രീയ പ്രവർത്തനമാകുന്നു. ആ ഓർമയിൽ നിന്നേ പുതിയൊരു രാഷ്ട്രീയ സംസ്കാരം ഉരുത്തിരിഞ്ഞു വരികയുള്ളൂ. അല്ലെങ്കിൽ ഇടത്തെ കാലിലെ ചളി വലത്തെ കാലുകൊണ്ടും, വലത്തെ കാലിലെ ചളി ഇടത്തെ കാലുകൊണ്ടും മാറി മാറി തുടയ്ക്കുന്ന ഒരു കൂട്ടം വോട്ടർമാരായി കേരളം തരംകെടും. ആ ദുരവസ്ഥയെപ്പറ്റിയാണ് അയ്യപ്പപ്പണിക്കരുടെ ‘ഇണ്ടനമ്മാവൻ’ എന്ന കവിത. കവിത ഇങ്ങനെയാണ്:

> ഇണ്ടനമ്മാവൻ ഇടം കാലിലെ ചളി
> വലംകാൽകൊണ്ട് തുടച്ചതും—പിന്നെ
> വലംകാലിലെ ചളി
> ഇടംകാൽകൊണ്ട് തുടച്ചതും—പിന്നെ
> ഇടംകാലിലെ ചളി
> വലംകാൽകൊണ്ട് തുടച്ചതും—പിന്നെ
> വലംകാലിലെ ചളി
> ഇടം കാൽ കൊണ്ട് തുടച്ചതും
> —പിന്നെ…

ഈ കൊച്ചു കവിത അവസാനിക്കുന്നേയില്ല.

മലയാളം ന്യൂസ്: 16 ഫിബ്രവരി 2001.

□

